**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5455** **24-03-2025 - ൽ മറുപടിയ്ക്ക്**

**പി.എസ്.സി. നിയമനത്തിലെ സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പി.എസ്.സി. നിയമനത്തിന് തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഓരോ സംവരണ സമുദായത്തിനും നൽകുന്ന ടേൺ ഏത് രീതിയിലാണ് ക്രമീകരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം രണ്ടിലെ ചട്ടം 15-ലെ Annexure പ്രകാരമുള്ള റൊട്ടേഷൻ ടേണുകൾ അടിസ്ഥാനമാക്കിയാണ് സംവരണക്രമം പാലിക്കുന്നത്. |
| (ബി) | ഭിന്നശേഷി വിഭാഗത്തിന് നിലവിൽ എത്ര ശതമാനം സംവരണമാണുള്ളത്; ഇത് എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (ബി) | കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനങ്ങളിൽ ഔട്ട് ഓഫ് ടേൺ വ്യവസ്ഥയിൽ 4% ഭിന്നശേഷി സംവരണമാണ് 19/04/2017 തീയതി മുതൽ നടപ്പാക്കിയിട്ടുള്ളത്. |
| (സി) | തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതൊക്കെ വിഭാഗത്തിന് എത്ര ശതമാനം വീതമാണ് സംവരണമായി നൽകുന്നത്; വ്യക്തമാക്കുമോ; | (സി) | ഒ. ബി. സി വിഭാഗങ്ങൾക്ക് 40 ശതമാനവും, SC/ST വിഭാഗങ്ങൾക്ക് 10 ശതമാനവും (SC-8%, ST-2%), EWS വിഭാഗങ്ങൾക്ക് 10 ശതമാനവും സംവരണമാണ് നേരിട്ടുള്ള നിയമനങ്ങളിൽ അനുവദിച്ചിട്ടുള്ളത്. |
| (ഡി) | മുന്നോക്ക വിഭാഗത്തിന് നൽകുന്ന സംവരണം എത്ര ശതമാനമാണ്; വ്യക്തമാക്കുമോ; | (ഡി) | EWS വിഭാഗങ്ങൾക്ക് 10 ശതമാനം സംവരണമാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | ഭിന്നശേഷി സംവരണം, മുന്നോക്ക സംവരണം എന്നിവ മൂലം നേരത്തെ നിലവിലുള്ള ഏതെങ്കിലും വിഭാഗത്തിന് ലഭ്യമാകേണ്ട നിയമനങ്ങളിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ഇ) | ഭിന്നശേഷി സംവരണം, മുന്നോക്ക സംവരണം എന്നിവ നിലവിൽ വന്നതു കാരണം, സംവരണം ലഭിച്ചുകൊണ്ടിരിക്കുന്ന വിഭാഗങ്ങളുടെ സംവരണ ശതമാനത്തിൽ യാതൊരു കുറവും ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ